പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

എസ്.പി.സി.(1)/254948/2022/എച്ച്.എസ്.ഇ തീയ്യതി: 15/09/2022

**സർക്കുലർ**

വിഷയം: ഹസെ.വി. - സമഗ്രശിക്ഷാ കേരളം നടപ്പിലാക്കുന്ന SCAFFOLD പ്രോഗ്രാം സംബന്ധിച്ച അറിയിപ്പ്.

സൂചന: എഫ് - 3/4624/2018/SSK

സമഗ്രശിക്ഷാ കേരളവും സംസ്ഥാന എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും സംയുക്തമായി നടപ്പിലാക്കുന്ന **SCAFFOLD** എന്ന പദ്ധതിയിലേക്ക് അർഹരായ ഹയർസെക്കന്ററി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായുള്ള പദ്ധതി വിശദാംശങ്ങൾ സമഗ്രശിക്ഷാ കേരളത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെയും അറിവിലേക്കും, അനന്തര നടപടികൾക്കുമായി അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് SSK ബി.ആർ.സി. യിൽ നിന്നും ലഭ്യമാകുന്ന തുടർ നിർദ്ദേശങ്ങൾ അനുസരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് എല്ലാ പ്രിൻസിപ്പൽമാരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

അനുബന്ധം.

# സമഗ്ര ശിക്ഷാ കേരള
# THE SCAFFOLD (ദി സ്കഫോൾഡ്)


സംഗ്രഹം

സംസ്ഥാനത്തെ ഓരോ ഉദ്യോഗാർത്ഥികൾക്കും അവരുടെ വിദ്യാഭ്യാസം പൂർത്തീകരിച്ച് യഥാസമയം അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന്, കേരളത്തിലുടനീളം നിരവധി പരിപാടികൾ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെഉദ്യോഗാർത്ഥികളെയും, വിദ്യാർത്ഥികളെയും ആഗോള അന്തരീക്ഷത്തിൽമത്സരിക്കാൻ പാകത്തിൽഉന്നതവിദ്യാഭ്യാസം നേടുന്നതിന് പ്രാപ്തമാക്കുകയുംഅനുയോജ്യമായ ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിൽ യോഗ്യരായ തൊഴിൽ ശക്തികളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടി വിദ്യാർത്ഥികളുടേയും, തൊഴിൽ അന്വേഷകരുടേയും കഴിവുകളും അഭിരുചിയും കൃത്യമായി വിലയിരുത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതിനാണ് സർക്കാർ ഊന്നൽ കൊടുക്കുന്നത്.

വ്യക്തിക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, മൃദു പരിശീലനം എന്നിവ നൽകിയും അവരുടെ ആശയവിനിമയ കഴിവുകൾ, വ്യക്തിഗത സവിശേഷതകൾ എന്നിവ വളർത്തിക്കൊണ്ടുവന്ന് വെല്ലുവിളികൾ ഏറ്റെടുക്കാൻ തയ്യാറുള്ളവരും ആത്മവിശ്വാസമുള്ളവരുമാക്കി മാറ്റുകയും ചെയ്യേണ്ടതുണ്ട്. ഒരു വ്യക്തിക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിനും, അനുയോജ്യമായ ജോലി ഏതെന്ന് തിരിച്ചറിയുന്നതിനും പ്രാപ്തനാക്കുന്നതിനും അക്കാദമിക് ട്രാക്ക് റെക്കോർഡ്, കുടുംബ പശ്ചാത്തലം, വൈകാരിക തലം, ജോലി ചെയ്യുന്നതിനോടുള്ള മനോഭാവം തുടങ്ങിയവയെല്ലാം തന്നെ വിശകലനം ചെയ്യുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി നിരന്തര മൂല്യനിർണ്ണയം നടത്തിയും കൗൺസിലിംഗിനും ശേഷം അന്തിമമായി കഴിവിനും, യോഗ്യതയ്ക്കും അനുയോജ്യമായ തൊഴിലിലേക്ക് അവനെ കൈപിടിച്ച് ഉയർത്തുന്നതിനുള്ള പ്രാരംഭ ശ്രമമാണ് "സ്കാഫോൾഡ്" എന്ന ഈ പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതി ബഹു. വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സമഗ്ര ശിക്ഷാ കേരളവും എംപ്ലോയ്മെന്റ് ഡയറക്റേറ്റും സംയുക്തമായാണ് നടപ്പിലാക്കുന്നത്.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ പ്രസ്തുത പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ, രണ്ട് ഘട്ടങ്ങളായുള്ള ചർച്ചകൾ, വർക്ക്ഷോപ്പ് എന്നിവയിലൂടെ സമഗ്ര ശിക്ഷാ കേരളയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും നടത്തിയിട്ടുണ്ട്.

ഈ ലക്ഷ്യം നേടുന്നതിന് വേണ്ടി കേരളത്തിലെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളെ

രാജ്യത്തിനകത്തും പുറത്തുമുള്ളഅക്കാദമിക് മികവിന്റെ കേന്ദ്രങ്ങളിൽ പ്രവേശനം നേടാൻ പ്രാപ്തരാക്കുന്നപദ്ധതിയാണിത്.

## ടാർഗറ്റ് ഗ്രൂപ്പ്

പൊതുവിദ്യാലയങ്ങളിൽ 11-ാം ക്ലാസിൽ പഠിക്കുന്നവരും ബി.പി.എൽ. വിഭാഗത്തിലെ 10-ാം തരം പരീക്ഷയിൽ 80% അതിന് മുകളിലോ മാർക്ക് നേടിയ വിദ്യാർത്ഥികളെയാണ് ഈ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുന്നത്. പട്ടകജാതി, ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മിനിമം 60% മാർക്ക് മതിയാകും.

നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ഫോറത്തിൽ എല്ലാ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാരും സ്കൂൾ കരിയർ കോ-ഓർഡിനേറ്ററുടെ മേൽനോട്ടത്തിൽ തങ്ങളുടെ സ്കൂളുകളിൽ പഠിക്കുന്ന ബി.പി.എൽ.വിഭാഗത്തിലെ 90 ശതമാനമോ അതിലധികമോ മാർക്ക് നേടിയ (എസ്.സി, എസ്.ടി. വിഭാഗങ്ങൾക്ക് 80% മാർക്ക്) കുട്ടികളുടെ വിവരങ്ങൾ 2022 സെപ്തംബർ 20-ന് മുമ്പായി ഗൂഗിൾ ഷീറ്റു മുഖേന ബന്ധപ്പെട്ട ബി.ആർ.സി.യിൽ നൽകേണ്ടതുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച ഡാറ്റാ എൻട്രി ബന്ധപ്പെട്ട ബി.ആർ.സി.യിൽ നിന്ന് 2022 സെപ്തംബർ 24 ന് മുമ്പായി പൂർത്തീക്കരിക്കേണ്ടതുമാണ്.

ഇത്തരത്തിൽ 50 കുട്ടികളുടെ പട്ടിക ജില്ലാ കരിയർ കോ-ഓർഡിനേറ്റർ വഴി സെപ്റ്റംബർ 20 നു മുമ്പായി എസ്.എസ്.കെയുടെ ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതുണ്ട്.

24.08.2022 ന് ജില്ലാതല ശില്പശാല വെച്ച് ഗ്രൂപ്പ് ഡിസ്കഷൻ, എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയിലൂടെ യോഗ്യരായ 25 പേരെ കണ്ടെത്തുകയും ഈ കുട്ടികൾക്ക് ദി സ്കഫോൾഡിന്റെ തുടർപരിശീലനം നൽകുകയും ചെയ്യുന്നു.